കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# *പോരുവഴി ഗ്രാമ പഞ്ചായത്ത്*

# *ഓഡിറ്റ് റിപ്പോർട്ട് 2017-2018*

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൽ.എം/പി10/252/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി -27/04/2019..

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പോരുവഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പോരുവഴി ഗ്രാമപഞ്ചായത്ത് - 2017-2018 -സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോരുവഴി ഗ്രാമ പഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാ

രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി10/252/2019 തീയതി-27/04/2019

## കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമ പഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമ പഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16-06-2017 മുതൽ 09-01-2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മാത്യു റോയി.കെ.പി,<br>ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10-1-19മുതൽ<br>22-1-19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ബിജി വർഗ്ഗീസ്<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |

| | |
|---|---|
| | ശ്രീ.ശശി ജോഷ്.എ,<br>അസ്സി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അനിൽ ആർ<br>അസ്സി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വിഷ്ണുപ്രിയ.കെ,<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എസ്.ഷീജ | 1-4-17 മുതൽ 31-3-18 വരെ |
| സെക്രട്ടറി | ശ്രീമതി. ഉഷാകുമാരി | 1-4-17 മുതൽ 18-9-17 വരെ |
| | ശ്രീ ജയപ്രകാശ് | 19-9-17 മുതൽ 31-3-18 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസ്സിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എസ്.ഷാജി | 1-4-17 മുതൽ<br>6-6-17 വരെ |
| | ശ്രീമതി . സുശീല .ഇ, | 7-6-17മുതൽ<br>31-3-18 |
| അസ്സിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി. | ശ്രീമതി.ശാലിനി.എസ്. | 1-4-17 മുതൽ<br>31-3-18 വരെ |
| വെറ്ററിനറി സർജൻ | ശ്രീ.കെ.ജയകുമാർ | 1-4-17 മുതൽ<br>31-3-18 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ശ്രീ.പ്രവീൺ കുമാർ | 1-4-17 മുതൽ<br>31-3-18 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ശ്രീ.സനോജ് സാം | 1-4-17 മുതൽ<br>31-3-18 വരെ |
| ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ്, കമ്പലടി | ശ്രീ.രഘുനാഥൻ | 1-4-17 മുതൽ<br>31-3-18വരെ |
| കൃഷി ഓഫീസർ | 1)ശ്രീമതി.സ്മിത.ടി | 1-4-17 മുതൽ |

| | | |
|---|---|---|
| | | 11-10-17 വരെ |
| | 2,ശ്രീമതി.റീന രവീന്ദ്രൻ | 12-10-17മുതൽ<br>31-3-18വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഷീബ | 1-4-17 മുതൽ<br>31-3-18 വരെ |
| വി.ഇ.ഒ.<br>(സർക്കിൾ1) | ശ്രീ.റോബിൻ സാമുവൽ | 1-4-17 മുതൽ<br>31-3-18വരെ |
| | ശ്രീ.ദീപു.കെ.എസ്. | 1-4-17 AN മുതൽ<br>31-3-18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഷംല .എ | 1-4-17 മുതൽ<br>31-3-18 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |

| | | |
|---|---|---|
| 13 | സാങ്കേതിക തകരാർ മൂലം ഇന്ററപ്റ്റഡ് രസീതുകളായി വരവ് തുകകൾ സാംഖ്യയിൽ ഉൾപ്പെടുത്താൻ സാധിക്കുന്നില്ല | 2-1 |
| 14 | ബാങ്ക് ചാർജ് ഇനത്തിൽ തനത്ഫണ്ട് അക്കൗണ്ടിൽ നിന്നും തുക ഈടാക്കിയിരിക്കുന്നു | 2-2 |
| 15 | ഇടപാടുകളില്ലാത്ത അക്കൗണ്ടിൽ 1,98,629/-രൂപ | 2-3 |
| 16 | യു.ഐ.ടി യുമായി വാടകകരാറില്ല, വാടകകുടിശ്ശിക ഒടുക്കിയിട്ടില്ല. | 2-4 |
| 17 | മെറ്റൽ ക്രഷർയൂണിറ്റിൽ അനധികൃതനിർമ്മാണം | 2-5 |
| 118 | ഇ ടെൻഡർ ഫാറവില തിരികെ ഈടാക്കിയിട്ടില്ല | 2-6 |
| | ഭാഗം 3 | |
| 18 | തെരുവ് വിളക്ക് പരിപാലനം-അടാട്ട് മാതൃകയിൽ ഉള്ള രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. | 3-1 |
| 19 | പരിശോധന റിപ്പോർട്ട് ഇല്ല- 15,000/-രൂപ തടസ്സപ്പെടുത്തുന്നു | 3-2 |
| 20 | സിഡ്കോയിൽ നിന്ന് വാങ്ങുന്ന സാധനങ്ങൾ സർക്കാർ അംഗീകാരം ലഭിച്ചതാണോ എന്ന് പരിശോധിക്കുന്നില്ല. | 3-3 |
| 21 | സ്ട്രീറ്റ് ലൈറ്റ് -ഇലക്ട്രിസിറ്റി ചാർജായി അധികം തുക അടവാക്കുന്നു. | 3-4 |
| 22 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-5 |
| 23 | വീടിന്റെ മേൽക്കൂര മാറ്റൽ-പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല | 3-6 |
| 24 | തുടർ സാക്ഷരതാ പദ്ധതി- രേഖകൾ ഹാജരാക്കിയില്ല. | 3-7 |
| 25 | പി വി സി വാട്ടർ ടാങ്ക് സ്ഥാപിക്കൽ- ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല. | 3-8 |
| 26 | ചെയ്യാത്ത പ്രവൃത്തികൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി 36,211/-രൂപ അധികം നൽകി. | 3-9 |
| 27 | ഐറിഷ് ഡ്രെയിൻ നിർമാണം - 13,920/-രൂപ അധികം നൽകി. | 3-10 |
| 28 | ക്രമരഹിതമായി ജി.എസ്.ടി. കോമ്പൻസേഷൻ | 3-11 |

| | | |
|---|---|---|
| | കണക്കാക്കി കരാറുകാരന് 63,144/- രൂപ അധികം നൽകി. | |
| 29 | പോരുവഴി കുടിവെള്ള പദ്ധതി - പദ്ധതി പൂർത്തീകരണ ധനവിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-12 |
| | ഭാഗം 4 | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 39 | അനുബന്ധം -1, ഓഡിറ്റ് സാക്ഷ്യപത്രം 2017-2018 | 1 |
| 40 | അനുബന്ധം -2, അനുബന്ധപത്രികകൾ | 2 |
| 41 | അനുബന്ധം -3, സ്ഥലപരിശോധനാറിപ്പോർട്ട് | 3 |

# ഭാഗം 1
## പൊതു അവലോകനം

### 1-1 ബജറ്റ്

02.03.2017തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31.07.2018 | 07.06.2018 | ----- | ----- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 18.06.2018 - 19.06.2018 | കെഎസ്സ്.എ-കെ.എൽ.എം. പി.10/1389/18, തീയതി 16.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,94,12,855 |
| വരവ് | 8,41,54,721 |
| ആകെ | 10,35,67,576 |
| ചെലവ് | 9,04,33,334 |
| നീക്കിയിരിപ്പ് | 1,31,34,242 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 16108000 | 16108000 | 15797758 | 310242 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 10695465 | 10695465 | 10695465 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 69971 | 69971 | - | 69971 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 18374000 | 18374000 | 15174248 | 3199752 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 3735000 | 3735000 | 3104374 | 630626 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 7564078 | 7564078 | 7564078 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | - | 4248936 | 4248936 | 3321950 | 926986 |
| സാക്ഷരത | 202561 | 7545 | 210106 | - | 210106 |
| ദുരിതാശ്വാസനിധി | - | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 19238111 | 19238111 | 19238111 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 51570 | 967655 | 1019225 | 1018452 | 773 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| സമ്പൂർണ്ണ ശുചിത്വം | | 2832758 | 1337712 | 4170470 | 23310 | 4147160 |
| ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | | 1221637 | 1290569 | 2512206 | 1890569 | 621637 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| തൊഴിൽരഹിതവേതനം | | - | 181680 | 181680 | 181680 | - |
| വിധവകളുടെ പെൺമക്കളുടെ വിവാഹധന സഹായം | | - | 240000 | 240000 | 240000 | - |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 40000 | 975050 | 1015050 | 613608 | 401442 |
| | ജില്ലാ പഞ്ചായത്ത് | 350000 | 600000 | 950000 | 494195 | 455805 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 8248060 | 10040037 | 18288097 | 12052199 | 6235898 |
| | ട്രഷറി അക്കൗണ്ട് | 5895402 | 10042000 | 15937402 | 14852769 | 895313 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | 9,64,83,735 | 140 | 6,28,64,053 | 0 | 56 | 71.42 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 51,570 | 9,67,655 | 10,19,225 | 10,18,452 | 773 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 1,92,38,111 | 1,92,38,111 | 1,92,38,111 | 0 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,81,680 | 341 |
| കർഷകതൊഴിലാളി പെൻഷൻ | 10,24,500 | 82 |
| വിധവാപെൻഷൻ | 1,36,91,700 | 1,174 |
| വാർദ്ധക്യകാലപെൻഷൻ | 2,88,77,300 | 2,283 |
| വികലാംഗപെൻഷൻ | 49,44,300 | 445 |
| 50 വയസ്സ്കഴിഞ്ഞ അവിവാഹിതാരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,79,600 | 15 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.01.2018-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 51,976/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ചു നൽകിയിട്ടുണ്ട്. അക്കൗണ്ടിംഗ് സമ്പ്രദായം സുതാര്യമാണ്. പണം സ്വീകരിക്കുന്നതിനും ഡെപ്പോസിറ്റ് ചെയ്യുന്നതിനും കണക്ക് സൂക്ഷിക്കുന്നതിനും വ്യത്യസ്ത സെക്ഷനുകൾക്ക് ചുമതല

വിഭജിച്ച നൽകിയിട്ടുണ്ട്. പ്രതിദിന കളക്ഷൻ അന്നേദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല. വസ്തുനികുതി ഇനത്തിലെ ഡിമാന്റ് , കളക്ഷൻ, ബാലൻസ് തുകകൾ എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല. കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച അളവ് പുസ്തകവും ഫയലുകളും ശരിയായി സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി അഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.12.2018 | 01.11.2018 – 30.11.018 | 21.12.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.09.2016 – 14.10.2016 | 2011-12 - 2015-16 | 15.03.2017 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1.വാർഷിക കണക്കിൽ ഉൾപ്പെട്ട എസ്.ബി.ഐ ഇ-പേയ്മെന്റ്, ട്രഷറി ഓൺ ഫണ്ട് എന്നീ ബാങ്ക് അക്കൗണ്ടുകളുടെ പാസ്സ്ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി അക്കൗണ്ടുകളുടെ ക്ലോസിംഗ് ബാലൻസിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

എ.ഇ ഹാജരാക്കിയ കണക്കുകൾ പ്രകാരം 2017-18 വർഷം 510,242/-രൂപയുടെ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. പക്ഷേ വാർഷിക കണക്കിൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് പൂജ്യമായിട്ടാണ് കാണിച്ചിരിക്കുന്നത്.

2.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18-ൽ Advance to implementing Agency Deposit in water Authority -ൽ 807,136/-രൂപ കാണിച്ചതിൽ 9,236/-രൂപ മുൻവർഷം നൽകിയ അഡ്വാൻസ് ആണ്. പഞ്ചായത്തിലെ അഡ്വാൻസ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ടി തുക വാട്ടർ അതോറിറ്റി മുൻവർഷം തന്നെ തിരികെ അടച്ചിട്ടുള്ളതാണ്. ആയതിനാൽ 797,900/-രൂപ മാത്രമാണ് യഥാർത്ഥ അഡ്വാൻസ് തുക.

ഈ ശീർഷകത്തിൽ ഇലക്ട്രിസിറ്റി ബോർഡിന് നൽകിയ അഡ്വാൻസ് തുക മുൻവർഷത്തെ അഡ്വാൻസ് തുകയായ 11,76,790/-രൂപ കൂടി ചേർത്ത തുകയാണ്. മുൻവർഷത്തെ അഡ്വാൻസ് തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റുകൾ ലഭ്യമായിട്ടുണ്ടെങ്കിലും സാംഖ്യയിൽ ക്രമീകരിച്ചിട്ടില്ല. തൻവർഷത്തെ അഡ്വാൻസ് തുക 31,85,312/-രൂപ മാത്രമാണ്. (വിനിയോഗ സർട്ടിഫിക്കറ്റുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.)

3.അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസായി നൽകിയത് 1,60,000/-രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ ഫെസ്റ്റിവൽ അഡ്വാൻസ് 175000/-രൂപയാണ് കാണിച്ചിരിക്കുന്നത്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

4.ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഓരോ ഹെഡ്ഡിലുമുള്ള വരവ്-ചെലവ് നീക്കിയിരിപ്പ് തുകകൾ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ Head wise closing balance -ന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5.ഓരോ മാസത്തെയും ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ്, ബാങ്ക് പാസ്സ് ബുക്ക്/സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് പ്രതിമാസം പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

6.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7.പ്രോപ്പർട്ടി ടാക്സ് - റസിഡൻഷ്യൽ & നോൺ റസിഡൻഷ്യൽ അക്കൗണ്ട്സും സഞ്ചയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

8.ജോയിന്റ് വെഞ്ചർ – ബ്ലോക്ക് പഞ്ചായത്ത് വരവ്/ചെലവ് തുകകൾ പഞ്ചായത്ത് രജിസ്റ്ററുകളുമായും സുലേഖ ചെലവ് രേഖയുമായും പൊരുത്തപ്പെടുന്നില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 സാങ്കേതിക തകരാർ മൂലം ഇന്ററപ്റ്റഡ് രസീതുകളായി വരവ് തുകകൾ സാംഖ്യയിൽ ഉൾപ്പെടുത്താൻ സാധിക്കുന്നില്ല

കമ്പ്യൂട്ടർ പ്രവർത്തനസജ്ജമല്ലാതിരുന്ന ദിവസങ്ങളിൽ മാനുവൽ രസീതുകൾ പ്രകാരം ഫ്രണ്ട് ഓഫീസിൽ വരവിലെടുത്ത തുകകൾ ഇന്ററപ്റ്റഡ് രസീതുകളായി സാംഖ്യയിൽ വരവിലെടുത്തില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്

മുൻവർഷങ്ങളിൽ ഇഷ്യൂ ചെയ്ത 2709, 9371 എന്നീ മാന്വൽ രസീതുകൾ സാംഖ്യയിൽ ക്ലോസ്സ് ചെയ്യാതെ അവശേഷിക്കുന്നതിനാൽ പുതിയതായി രസീത്ബുക്ക് ഇഷ്യൂ ചെയ്യാൻ സാധിക്കുന്നില്ല. ആയതിനാൽ ഇന്ററപ്റ്റഡ് രസീതുകൾ ചെയ്യാൻ സാധിക്കുന്നില്ല, എന്ന മറുപടിയാണ് ലഭിച്ചത്. മാന്വൽ രസീതുപ്രകാരം വരവിലെടുത്ത തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | തുക (₹) |
|---|---|
| 12.06.2018 | 3,490 |
| 13.06.2018 | 6,348 |
| 14.06.2018 | 4,188 |
| 27.06.2018 | 29,079 |
| 05.11.2018 | 1,27,514 |
| 07.11.2018 | 3,974 |
| 08.11.2018 | 1,11,069 |
| ആകെ | 2,85,662രൂപ |

ടി തുകകൾ അതാതുദിവസം ബാങ്കിൽ ഒടുക്കിയിട്ടുണ്ട്. പഞ്ചായത്തിന് സാങ്കേതിക സഹായം നൽകുന്ന ഇൻഫൊർമേഷൻ കേരളാമിഷന്റെ ബ്ലോക്ക് ടെക്നിക്കൽ ഓഫീസർക്കും ജില്ലാ ടെക്നിക്കൽ ഓഫീസർക്കും സൂചിക വഴി പരാതികൾ രജിസ്റ്റർ ചെയ്തെങ്കിലും നാളിതുവരെ പരിഹരിച്ച് നൽകിയിട്ടില്ല. സാങ്കേതിക തകരാർ പരിഹരിച്ചുലഭിക്കുന്ന മുറയ്ക്ക് ഇവ സാംഖ്യയിൽ വരവായി ഉൾപ്പെടുത്തി 2018-19 ലെ വാർഷിക ധനകാര്യപത്രികയിൽ ഉണ്ടാകാനിടയുള്ള അപാകത ഒഴിവാക്കേണ്ടതാണ്.

## 2-2 ബാങ്ക് ചാർജ് ഇനത്തിൽ തനത്ഫണ്ട് അക്കൗണ്ടിൽ നിന്നും തുക ഈടാക്കിയിരിക്കുന്നു

എസ്സ്.ബി.ഐ യിൽ നിലവിലുള്ള തനത്ഫണ്ട് അക്കൗണ്ടിൽ നിന്നും , Excess Credit in SB' എന്ന ഇനത്തിൽ ബാങ്ക് ചാർജ് ഈടാക്കിയിരിക്കുന്നു. 2017 മെയ് മാസം മുതൽ 2018 നവംബർ മാസം വരെ ഈയിനത്തിൽ ബാങ്ക് പിൻവലിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ഈടാക്കിയ തുക (₹) |
|---|---|
| 5/17 | 1,265 |
| 6/17 | 977.50 |

| | |
|---|---|
| 7/17 | 1,298 |
| 8/17 | 885 |
| 9/17 | 413 |
| 10/17 | 354 |
| 11/17 | 826 |
| 12/17 | 531 |
| 1/18 | 354 |
| 2/18 | 472 |
| 3/18 | 472 |
| 4/18 | 767 |
| 5/18 | 1,003 |
| 6/18 | 1,121 |
| 7/18 | 649 |
| 8/18 | 531 |
| 9/18 | 826 |
| 10/18 | 413 |
| 11/18 | 1,003 |
| ആകെ | 14,160.50 രൂപ |

ഗവ:അക്കൗണ്ടിൽ നിന്നും ബാങ്ക് ചാർജ് ഈടാക്കാൻ പാടില്ലാത്ത സാഹചര്യത്തിൽ ഈയിനത്തിൽ ബാങ്ക് പിൻവലിച്ച തുക അക്കൗണ്ടിലേക്ക് തിരികെ ലഭിക്കാനായി പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ബാങ്ക് ചാർജായി ഈടാക്കിയ തുക തിരിച്ച് ക്രഡിറ്റ് ചെയ്ത് നൽകണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്തിൽ നിന്ന് ബാങ്ക് അധികൃതർക്ക് കത്ത് നൽകി. തുക തിരികെ ക്രഡിറ്റ് ചെയ്യുന്നതിനായി ബാങ്ക് രണ്ട് മാസത്തെ സാവകാശം ആവശ്യപ്പെട്ടിട്ടുണ്ട്. തുക തിരികെ ലഭിക്കുന്നതിന്റെ വിരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 4/17.01.2019

## 2-3 <u>ഇടപാടുകളില്ലാത്ത അക്കൗണ്ടിൽ **1,98,629/-**രൂപ</u>

2017-18-ലെ വാർഷിക ധനകാര്യപത്രിക പ്രകാരം എസ്സ്.ബി.ടി, ഇ.എം.എസ്സ് അക്കൗണ്ട് എന്ന പേരിൽ (അക്കൗണ്ട് നമ്പർ 67351107640) ഒരു അക്കൗണ്ട് നിലനിൽക്കുന്നുണ്ട്. ഇതിൽ 1,98,629/-രൂപ ബാക്കി നിൽക്കുന്നു. ഈ അക്കൗണ്ടിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ്

എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറുടേയും പ്രസിഡന്റിന്റെയും പേരിൽ ഇ.എം.എസ്സ് ഭവന പദ്ധതിയ്ക്കായി അമ്പലത്തുംഭാഗം സർവീസ് സഹകരണബാങ്കിൽ ആരംഭിച്ച അക്കൗണ്ടിൽ പദ്ധതി നടപ്പിലായതിനുശേഷം വികസനഫണ്ടിൽനിന്നും പിൻവലിച്ച 14,90,000/- രൂപയും പലിശയും ഉൾപ്പെടെ 16,68,000/-രൂപ ബാക്കിയുണ്ടായിരുന്നു. ഈ തുക 15.01.2016-ൽ അസ്സിസ്റ്റന്റ് സെക്രട്ടറിയുടേയും പ്രസിഡന്റിന്റേയും പേരിൽ എസ്സ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിച്ചു. 2015-16 വർഷം ഭവനനിർമ്മാണം എസ്സ്.സി.പി (പ്രോജക്ട് നം S0039/16)എന്ന പ്രോജക്ടിൽ എസ്സ്.സി.പി വിഭാഗം വികസനഫണ്ടിനോടൊപ്പം ടി അക്കൗണ്ടിൽ നിന്നും വികസനഫണ്ട് തുകയായ 14,90,000/-രൂപ കൂടി വകയിരുത്തി ചെലവ്ചെയ്തിട്ടുണ്ട്.

25.12.2018 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് അനുസരിച്ച് നാളിതുവരെയുള്ള പലിശതുകയായ 1,98,629 അക്കൗണ്ടിൽ അവശേഷിക്കുന്നു. ഈ അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ സർക്കാരിലേക്ക് അറിയിച്ച് , സ്പഷ്ടീകരണം വാങ്ങി തുക തനതുഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്ത് അക്കൗണ്ട് ക്ലോസ്സ് ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി - 11/19.01.19

**2-4** <u>യു.ഐ.ടി യുമായി വാടകകരാറില്ല. വാടകകുടിശ്ശിക ഒടുക്കിയിട്ടില്ല.</u>

യു.ഐ.ടി യ്ക്ക് വാടകയ്ക്ക് നൽകിയിരിക്കുന്ന പഞ്ചായത്ത് വക കെട്ടിടത്തിന് മുൻവർഷത്തെ വാടകയിൽ 5% വർദ്ധനവ് വരുത്തി 12,572/-രൂപയാണ് 2017-18 വർഷം പ്രതിമാസ വാടക നിശ്ചയിച്ചിരുന്നത്. എന്നാൽ യു.ഐ.ടി യിൽ നിന്നും എല്ലാമാസവും 12,000/-രൂപ മാത്രമാണ് വാടക ഒടുക്കിയിരിക്കുന്നത്. തൻവർഷം 6,864/-രൂപ കുടിശ്ശികയിനത്തിൽ ലഭിക്കാനുണ്ട്. കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ , നിരവധി തവണ നോട്ടീസ് നൽകിയിട്ടും തുക ഒടുക്കുകയോ നോട്ടീസിന് മറുപടിനൽകുകയോ ചെയ്യാഞ്ഞതിനാൽ സ്ഥാപനത്തിനെതിരെ കെട്ടിടവാടക ഒടുക്കുന്നതിനായി ശാസ്താംകോട്ട ഫസ്റ്റ്ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ യു.ഐ.ടിയുമായി നാളിതുവരെ കരാറിൽ ഏർപ്പെട്ടിട്ടില്ല . പഞ്ചായത്ത് ഭരണസമിതിയുടെ 24.06.2017ലെ XIാം നമ്പർ തീരുമാനപ്രകാരം യു.ഐ.ടിയുമായി നാളിതുവരെ വാടക കരാർ ചമച്ചിട്ടില്ലെന്നും ആയതിനാൽ അടിയന്തിരമായി കരാറിൽ ഏർപ്പെടേണ്ടതാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. മുൻവർഷങ്ങളിലും വാടക കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനമായിട്ടും പഞ്ചായത്ത് കമ്മിറ്റി തീരുമാനം നാളിതുവരെ നടപ്പിലാക്കാത്തത് അംഗീകരിക്കാവുന്നതല്ല. ടി സ്ഥാപനം പഞ്ചായത്ത്

വക കെട്ടിടത്തിൽ തുടർന്ന് പ്രവർത്തിക്കുന്ന പക്ഷം അടിയന്തിരമായി കരാറിൽ ഏർപ്പെടേണ്ടതാണ്. നാളിതുവരെ കരാറിൽ ഏർപ്പെട്ടിട്ടില്ലാത്തതിനാൽ കേസിന്റെ ഫലം അനുകൂലമാകുമെന്ന് കരുതാനാകില്ല. സ്ഥാപനത്തിൽ നിന്നും വാടകകുടിശ്ശിക ഈടാക്കിയെടുക്കാൻ കഴിയാത്തപക്ഷം കരാർവയ്ക്കാതെയും, പഞ്ചായത്ത് കമ്മിറ്റി തീരുമാനം നടപ്പാക്കാതെയും കുടിശ്ശികയുണ്ടാകാൻ കാരണക്കാരായ ടി കാലയളവിലെ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## 2-5 മെറ്റൽ ക്രഷർയൂണിറ്റിൽ അനധികൃതനിർമ്മാണം

Xാം വാർഡിൽ ശ്രീ.കൃഷ്ണമൂർത്തി, അഞ്ചുനിവാസ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മെറ്റൽക്രഷർ യൂണിറ്റിൽ അനധികൃത നിർമ്മാണങ്ങൾ നിലനിൽക്കുന്നതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിലെ രേഖകൾപ്രകാരം 210ച.മീ വിസ്തീർണമുള്ള മെറ്റൽ ക്രഷർയൂണിറ്റിന്റെ കെട്ടിടനമ്പർ X/390 ആണ്. ഇതിന് നിയമാനുസൃതമായ നികുതി ഈടാക്കിവരുന്നു. എന്നാൽ സ്ഥലപരിശോധനയിൽ ടി കെട്ടിടം കൂടാതെ ഓഫീസ് ആവശ്യത്തിനുള്ള ഒരു കെട്ടിടം, ജീവനക്കാരുടെ താമസത്തിനായി നിർമ്മിച്ചിട്ടുള്ള രണ്ടു കെട്ടിടങ്ങൾ എന്നിവകൂടി ഈ കോമ്പൗണ്ടിൽ ഉള്ളതായി കാണാൻകഴിഞ്ഞു. ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടത്തിൽ മെറ്റൽ ക്രഷർയൂണിറ്റിന്റ നമ്പരായ X/390 പതിപ്പിച്ചിരിക്കുന്നു. ഈ കെട്ടിടവും ജീവനക്കാരുടെ താമസത്തിനായി നിർമ്മിച്ചിട്ടുള്ള രണ്ട് കെട്ടിടങ്ങളും പഞ്ചായത്തിൽ അസ്സസ്സ്ചെയ്ത് നമ്പർ നൽകിയിട്ടില്ല. ഇവ അടിയന്തിരമായി അസ്സസ്സ് ചെയ്ത് നികുതി ഈടാക്കി അറിയിക്കേണ്ടതാണ്. പഞ്ചായത്തിൽ വേറേയും മെറ്റൽ ക്രഷർയൂണിറ്റുകളും,ഹോളോബ്രിക്സ് യൂണിറ്റുകളും, പെട്രോൾ പമ്പുകളും പ്രവർത്തിച്ചുവരുന്നുണ്ട്. ഓരോ വാർഡിന്റേയും ചുമതലയുള്ള ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ വാർഡുകളിൽ പരിശോധനനടത്തി അനധികൃത നിർമ്മാണങ്ങൾ ഇല്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 14/22.01.2019

## 2-6 ഇ-ടെണ്ടർ- ഫാറവില തിരികെ ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ തൻവർഷം 18 പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ടെണ്ടർ ഫാറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ 67,290/-രൂപയാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് ടെണ്ടർ രജിസ്റ്ററിനെ ആധാരമാക്കി അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച സംക്ഷിപ്ത പത്രികയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്കോ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പുതുതായി ആരംഭിച്ച

അക്കൗണ്ടിലേക്കോ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ ചെയ്തിട്ടുള്ള മുഴുവൻ തുകയും ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 14/22.01.2019

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെരുവ് വിളക്ക് പരിപാലനം-അടാട്ട് മാതൃകയിൽ ഉള്ള രജിസ്റ്റുകൾ സൂക്ഷിച്ചിട്ടില്ല.

അടാട്ട് മാതൃകയിൽ ഉള്ള തെരുവ് വിളക്ക് പരിപാലനമാണ് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ 17/8/15 ലെ ജി2-44274/2015 നമ്പർ പൊതു മാർഗ്ഗരേഖയിലെ നടപടി ക്രമങ്ങൾ പാലിക്കാത്തിനാൽ വൈദ്യുതി ഉപകരണങ്ങളുടെ ക്രയവിക്രയങ്ങളുടെ കൃത്യത ഓഡിറ്റിന് ലഭ്യമാക്കിയ രജിസ്റ്ററുകളിൽ നിന്ന് വ്യക്തമല്ല.

സ്റ്റോക്ക് ഇൻ രജിസ്റ്റർ, സ്റ്റോക്ക് ഔട്ട് രജിസ്റ്റർ എന്നിവ കൂടാതെ പോസ്റ്റുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് കാലയളവിൽ 1/2/18 മുതൽ 27/2/18 വരെ 490 സി.എഫ്.എൽ- ഉം , 1/3/18 മുതൽ 28/3/18 വരെ 515 സി.എഫ്.എൽ- ഉം തെരുവ് വിളക്ക് പരിപാലനത്തിനായി ജീവനക്കാർ മെംബർമാരുടെ കത്തിന്റെ അടിസ്ഥാനത്തിൽ മാറ്റിയിട്ടിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ അടാട്ട് മാതൃകയിൽ നിർദ്ദേശിച്ചിരിക്കുന്ന ചുവടെ ചേർക്കുന്ന രജിസ്റ്ററുകൾ തയ്യാറാക്കി തെരുവ് വിളക്ക് പരിപാലനം സുതാര്യമാക്കേണ്ടതാണ്.

1)കംപ്ലയിന്റ് രജിസ്റ്റർ

2)രജിസ്റ്റർ ഓഫ് അൺസർവീസബിൾ ഐറ്റംസ്

3)സ്റ്റോക്ക് ഇൻ രജിസ്റ്റർ & സ്റ്റോക്ക് ഔട്ട് രജിസ്റ്റർ (സാമ്പത്തിക വർഷമവസാനം റീകൺസിലേഷൻ നടത്തിയത്)

4)മെയിന്റനൻസ് രജിസ്റ്റർ

ഇതു കൂടാതെ അറ്റകുറ്റ പണിക്കായി ചുമതലപ്പെടുത്തുന്ന രണ്ട് ഇലക്ട്രീഷ്യൻമാരെയും ഇൻഷ്വർ ചെയ്യേണ്ടതു് ഗ്രാമപഞ്ചായത്തിന്റെ ചുമതലയുമാണ്. അടാട്ട് മാതൃകയിൽ നിർദ്ദേശിച്ചിരിക്കുന്ന മേൽ രജിസ്റ്ററുകൾ തയ്യാറാക്കി തെരുവ് വിളക്ക് പരിപാലനം

സുതാര്യമാക്കാൻ ഉത്തരവാദിയായ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 പരിശോധന റിപ്പോർട്ട് ഇല്ല-15,000/-രൂപ തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരംനടത്തിയ ചെലവുകൾക്ക് ആധാരമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം കെ.എസ്.ഇ.ബി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവരുമായി സംയുക്തപരിശോധന നടത്തുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. പക്ഷെ, സംയുക്ത പരിശോധനയുടെ റിപ്പോർട്ടുകൾ ഈ സ്ഥാപനങ്ങളിൽ നിന്നും ഇതുവരെ ലഭ്യമായിട്ടില്ല. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം./തീയതി | ഇനം | തുക (₹) |
|---|---|---|
| 21700268 /17-7-17 | കടമ്പനാട് ഇലക്ട്രിക്കൽ ഡിവിഷനിലെ ഇലക്ട്രിക്ക് പോസ്റ്റുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബിയുമായി നടത്തിയ ജോയിന്റ് വെരിഫിക്കേഷന് കാർ വാടക നൽകിയത്. | 1,000 |
| 21700755/21-12-17 | പഞ്ചായത്തിലെ 8 വാർഡുകളിൽ സ്ട്രീറ്റ് വാട്ടർ ടാപ്പിന് സർവ്വേ നടത്തുന്നതിന് ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് തുക നൽകിയത് | 14,000 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പരിശോധന റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കാം എന്നാണ് മറുപടി ലഭ്യമാക്കിയത്. സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭിക്കാത്തിനാൽ ഈ ഇനത്തിൽ നൽകിയ 15,000/-രൂപ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി-7/18-1-19

## 3-3 സിഡ്കോയിൽ നിന്ന് വാങ്ങുന്ന സാധനങ്ങൾ സർക്കാർ അംഗീകാരം ലഭിച്ചതാണോ എന്ന് പരിശോധിക്കുന്നില്ല.

പദ്ധതിയുടെ പേര്-അങ്കണവാടിക്ക് ഫർണിച്ചർ

ബിൽ നം.10/21-3-18

അടങ്കൽ തുക-60,000/-രൂപ

ചെലവഴിച്ച തുക-59,985/-രൂപ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതിയിൽ 59,985/- രൂപയ്ക്ക് 20 ഗേജിന്റെ 120x90x38 സെ.മീ. അളവിലുള്ള Steel Slotted Angle Racks 4 panels , 15 എണ്ണം@ 3389/-രൂപ നിരക്കിൽ വാങ്ങി. എന്നാൽ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 17/6/17ലെ G.O.Rt.No.33/17/SPD ഉത്തരവിൽ ചുവടെ ചേർക്കുന്ന ഇനങ്ങളാണ് സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങാൻ സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്.

| ഇനം | തുക (₹) |
|---|---|
| 90x90x38- (3 പാനൽ) 20 ഗേജ് | 2,532 |
| 180x90x38- (6പാനൽ) 20 ഗേജ് | 4,558 |

സർക്കാർ അംഗീകാരം നൽകിയിട്ടില്ലാത്ത സാധനങ്ങൾ സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങാതെ ടെണ്ടർ/ക്വട്ടേഷൻ മുഖാന്തിരം വാങ്ങാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-9/18-1-19

## 3-4 സ്ട്രീറ്റ് ലൈറ്റ് -ഇലക്ട്രിസിറ്റി ചാർജായി അധികം തുക അടവാക്കുന്നു.

സ്ട്രീറ്റ് ലൈറ്റ് ഇലക്ട്രിസിറ്റി ചാർജായി 1,07,571/-രൂപയാണ് പഞ്ചായത്തിൽ നിന്ന് കെ.എസ്.ഇ.ബി.യിലേക്ക് അടച്ച് വന്നിരുന്നത്. 18/4/17ൽ കെ.എസ്.ഇ.ബി നൽകിയ പുതുക്കിയ താരീഫ് പ്രകാരം ഇലക്ട്രിസിറ്റി ചാർജജ് 1,27,430/-രൂപയായി വർദ്ധിപ്പിച്ചു. എന്നാൽ പുതുക്കിയ താരീഫിൽ ഓർഡിനറി ബൾബുകൾക്ക് ഉള്ള തുകയും രേഖപ്പെടുത്തിയിട്ടുണ്ട്.

| ഇനം | എണ്ണം | വാട്സ് | മണിക്കൂർ | തുക | യൂണിറ്റ് | ആകെ തുക (₹) |
|---|---|---|---|---|---|---|
| ഓർഡിനറി ബൾബ് | 54 | 40 | 12 | 66 | 778 | 3564 |
| ഓർഡിനറി ബൾബ് | 630 | 60 | 12 | 102 | 13608 | 64260 |
| | | | | | ആകെ | 67,824 |

14/6/17ലെ നം.എ-2-3404/17 കത്ത് പ്രകാരം പഞ്ചായത്തിൽ നിലവിൽ ഓർഡിനറി ബൾബുകൾ ഉപയോഗിക്കുന്നില്ല എന്ന വിവരം കെ.എസ്.ഇ.ബി യെ

അറിയിച്ചിട്ടുണ്ട്. 8/8/17 മുതൽ പഞ്ചായത്ത് പുതുക്കിയ താരീഫ് പ്രകാരമുള്ള ഇലക്ട്രിസിറ്റി ചാർജ്ജ് 1,27,430/-രൂപയും കുടിശ്ശികയും അടവാക്കുന്നു. വൗച്ചറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം/തീയതി | മാസം | തുക (₹) |
|---|---|---|
| 21700326/8-8-17 | 6/17&7/17 | 274755 |
| 21700443/18-9-17 | 8/17 | 157172 |
| 21700563/23-10-17 | 9/17 | 127430 |
| 21700599/2-11-17 | 10/17 | 127556 |
| 21700736/15-12-17 | 11/17 | 127556 |
| 21700839/12-1-18 | 12/17 | 127430 |
| 21700926/8-2-18 | 1/18 | 127430 |
| 21701021/15-3-18 | 2/18 | 127430 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് എല്ലാ വാർഡുകളിലെയും മിക്ക പോസ്റ്റുകളിലും സി.എഫ്.എൽ ഉള്ളതിനാലാണ് പഞ്ചായത്ത് വർദ്ധിപ്പിച്ച നിരക്കിൽ കറന്റ് ചാർജ്ജ് അടയ്ക്കുന്നത് എന്നാണ് മറുപടി നൽകിയത്.എന്നാൽ ഓർഡിനറി ബൾബുകൾക്ക് പകരം സി.എഫ്.എൽ ഉപയോഗിക്കുമ്പോൾ കറന്റ് ചാർജ്ജ് ഗണ്യമായി കുറയേണ്ടതാണ്. മാത്രമല്ല കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന എല്ലാ ഇലക്ട്രിക്കൽ ഡിവിഷനുകളിലും നടത്താത്തതിനാൽ തെരുവ് വിളക്കുകളുടെ ആകെ എണ്ണം പഞ്ചായത്തിൽ ലഭ്യമല്ല. കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ ആകെ എണ്ണത്തിനനുസൃതമായി കറന്റ് ചാർജ്ജ് നിശ്ചയിക്കുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കേണ്ടതാണ്. നിലവിൽ കെ.എസ്.ഇ.ബി ഈടാക്കുന്ന കറന്റ് ചാർജ്ജ് സംബന്ധിച്ച വിശദമായ ഡിമാന്റ് വാങ്ങി അധികം ഒടുക്കിയ തുക തിരികെ ഈടാക്കുകയോ, വരും കാലയളവിലെ ഡിമാന്റിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. -7/18.01.2019

## 3-5 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾ സംബന്ധിച്ച് വിവരം ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗരേഖകൾ ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ.

| പ്രവർത്തിയുടെ പേര്/ പ്രോജ നം. | നിർവഹണ ഉദ്യോഗസ്ഥൻ | നിർവ്വഹണ ഏജൻസി | നൽകിയ തുക /ഫണ്ടിനം | ബിൽ നം /ചെക്ക് നം/തീയതി |
|---|---|---|---|---|
| കന്നുകുട്ടി പരിപാലനം (ജനറൽ) (പ്രോ നം 27/18) | വെറ്ററിനറി സർജൻ | അസി.ഡയറക്ടർ, കന്ന്കുട്ടി പരിപാലനം | 12,50,000 വികസന ഫണ്ട്, ജനറൽ | 8/17-18 dt 8-2-18 |
| കന്നുകുട്ടി പരിപാലനം (എസ്സ്. സി.പി.) (പ്രോ നം 28/18) | വെറ്ററിനറി സർജൻ | അസി.ഡയറക്ടർ, കന്ന്കുട്ടി പരിപാലനം | 1,87,500 വികസന ഫണ്ട്, ജനറൽ | 18/17-18 dt 21-3-18 |
| ജീവനം കിഡ്നി വെൽഫെയർ ഫൗണ്ടേഷൻ 131/18 | സെക്രട്ടറി | ജില്ലാ പഞ്ചായത്ത് | 1,00,000 വികസന ഫണ്ട്, ജനറൽ | 14/16-2-18 |
| ചക്കുവള്ളി ചിറ സംരക്ഷണം 130/18 | സെക്രട്ടറി | ജില്ലാ പഞ്ചായത്ത് | 2,00,000 വികസന ഫണ്ട്, ജനറൽ | 4/11-10-17 |
| ശൂരനാട് റൈസ് മിൽ 129/18 | സെക്രട്ടറി | ജില്ലാപഞ്ചായത്ത് | 3,00,000 വികസന ഫണ്ട്, ജനറൽ | 5/11-10-17 |
| അങ്കണവാടി കെട്ടിട നിർമ്മാണം 127/18 | സെക്രട്ടറി | എം.ജി.എൻ. ആർ.ജി.എ.സ്റ്റേറ്റ് മിഷൻ | 6,00,000 വികസന ഫണ്ട്, ജനറൽ | 31/22-3-18 |
| പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 26/18 | സെക്രട്ടറി | കേരള വാട്ടർ അതോറിറ്റി | 7,97,900 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 10/8-2-18 |
| ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 17/18 | സെക്രട്ടറി | കെ.എസ്.ഇ.ബി. | 2,74,250 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 12/16-2-18&29 /19-3-18 |
| സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ 16/18 | സെക്രട്ടറി | കെ.എസ്.ഇ.ബി. | 29,11,062 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 13/16-2-18,37 /24-3-18,40 /28-3-18,39 /28-3-18,36 /24-3-18 |

| | | | | |
|---|---|---|---|---|
| ഐ.കെ.എം.വിഹിതം 5/18 | സെക്രട്ടറി | ഐ.കെ.എം. | 89,550 വികസന ഫണ്ട്, ജനറൽ | 1/20-7-17 |
| ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോട്ടുകൂടിയ സ്കൂട്ടർ 4/18 | സെക്രട്ടറി | ജില്ലാ പഞ്ചായത്ത് | 1,00,000 വികസന ഫണ്ട്, ജനറൽ | 3/11-9-17 |

കന്നുകുട്ടി പരിപാലനം ഒഴികെയുള്ള പദ്ധതികൾക്ക് ചെലവഴിച്ച തുക – 53,72,762/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. കന്നുകുട്ടി പരിപാലനം പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

**3-6** <u>വീടിന്റെ മേൽക്കൂര മാറ്റൽ–പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല</u>

പ്രോജക്റ്റ് നം - 7/18

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ

അടങ്കൽ തുക -9,00,000/-രൂപ

ചെലവ് തുക -8,50,000/-രൂപ

ബിൽ നം-തീയതി -9/17-18 /8-3-18

നിരാകരിച്ച തുക-50,000/-രൂപ

സബ്സിഡി മാർഗ്ഗരേഖ [ജി.ഒ (എം.എസ്) നം 80/17/ തസ്വഭവ-തീ-3-4-17 ] പ്രകാരം ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ പഴയ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും എൽ.എസ്.ജി.ഡി. എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയും വേണം. ഈ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പണിപൂർത്തികരിച്ചതിനുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വേണം സബ്സിഡി തുക നിർണ്ണയിക്കേണ്ടത്. ഇപ്രകാരമുള്ള നടപടിക്രമമൊന്നും പാലിക്കാതെയാണ് ടി പദ്ധതിയിൽ ആനുകൂല്യം നല്കിയിട്ടുള്ളത്. ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ എ.ഇ സാക്ഷ്യപ്പെടുത്തുകയോ ചെയ്യാതെ എൽ. എസ്. ജി.ഡി ഓവർസിയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ മാത്രമാണ് തുക നല്കിയിട്ടുള്ളത്. ഈ പദ്ധതിയിൽ 50,000/-രൂപ കൈപ്പറ്റിയ ഗുണഭോക്താവായ ശ്രീമതി.ജമീല, ജസീന മൻസിൽ എന്നയാളുടെ വീട് , വി.ഇ.ഒ യുടെയും പഞ്ചായത്ത് സീനിയർ ക്ലാർക്കിന്റെയും സാന്നിദ്ധ്യത്തിൽ പരിശോധിച്ചതിൽ ടിയാളുടെ വീടിന്റെ മേൽക്കൂര മാറ്റിയിട്ടില്ല. ഇപ്പോഴും ആസ്ബറ്റോസ് ഷീറ്റ് ഉപയോഗിച്ചുള്ള മേൽക്കൂരയാണ് ഉള്ളത്. പ്രസ്തുത ഗുണഭോക്താവിന്ഓവർസിയർ 54,600/- രൂപയുടെ

വാല്യുവേഷൻ സർട്ടിഫിക്കറ്റ് നല്കിയിട്ടുണ്ട് . ഏത് പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത് എന്ന് സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിട്ടില്ല. ഇതിൽ നിന്നും സ്ഥലപരിശോധന നടത്താതെയാണ് വാല്യുവേഷൻ നല്കിയെതെന്ന് വ്യക്തമാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയതെന്ന് വി. ഇ. ഒ മറുപടി നല്കിയിരിക്കുന്നു. ഗുണഭോക്താവ് പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ടോ എന്നുറപ്പാക്കേണ്ട ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലം അനർഹമായി ചെലവഴിച്ച 50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥരായ വി.ഇ.ഒ, എൽ. എസ്. ജി. ഡി ഓവർസിയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. കൂടാതെ തെറ്റായ സാക്ഷ്യപത്രം നൽകിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലനടപടികൾ ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി നം-10/17-18/19-1-19

നിരാകരണം – 50,000/-രൂപ

## 3-7 തുടർ സാക്ഷരതാ പദ്ധതി- രേഖകൾ ഹാജരാക്കിയില്ല.

പ്രോജക്ട് നം -182/18

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ

ബിൽ നം-തീയതി -5/17-18 /27-3-18

തടസ്സപ്പെടുത്തിയ തുക -71,950/-രൂപ

തൻവർഷം തുടർ സാക്ഷരതാപദ്ധതിയിൽ ഉൾപ്പെടുത്തി പത്താംതരതുല്യതാ പരീക്ഷക്കായി 17 ഗുണഭോക്താക്കൾക്ക് 1,850/- രൂപ നിരക്കിൽ 31,450/-രൂപയും പ്ലസ് ടു തുല്യതാ പരീക്ഷക്കായി 18 ഗുണഭോക്താക്കൾക്ക് 2,250/- രൂപ നിരക്കിൽ 40,500/- രൂപയും ഉൾപ്പെടെ ആകെ 71,950/- രൂപ സാക്ഷരതാ മിഷനിലേക്ക് അടവാക്കിയിട്ടുണ്ട്. പക്ഷെ ഈ ഗുണഭോക്താക്കൾ പരീക്ഷക്ക് രജിസ്റ്റർ ചെയ്തതിന്റെയോ, പങ്കെടുത്തതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല. രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 71,950/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-1/11-1-19

തടസ്സപ്പെടുത്തിയ തുക – 71,950/-രൂപ

## 3-8 പി വി സി വാട്ടർ ടാങ്ക് സ്ഥാപിക്കൽ–ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല.

പ്രോജ നം.-183/18

അടങ്കൽ തുക – 3,00,000/- രൂപ (എസ്.സി.പി.ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

ബിൽ നം-തീയതി -44/17-18 /24-3-18

ടി പദ്ധതിയിൽ 85 പട്ടിക ജാതി ഗുണഭോക്താക്കൾക്ക് 2,930/- രൂപ നിരക്കിൽ 500 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്കുകൾ വിതരണം ചെയ്തു. ടെൻഡർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ബിൽഡ് എക്സ് എന്ന സ്ഥാപനത്തിന് 85 ടാങ്കിന്റെ വിലയായി 2,930x85=2,49,050/- രൂപ പ്ലാൻ ഫണ്ടിൽനിന്നും നല്കിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ [ജി ഒ. (എം എസ്സ് )നം 80/17/എൽ.എസ്.ജി.ഡി] പ്രകാരം പട്ടികജാതി ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് നല്കൽ എന്നപദ്ധതിക്ക് 75% സബ്സിഡിയാണ് അനുവദനീയമായിട്ടുള്ളത് . 25% ഗുണഭോക്തൃവിഹിതം ഈടാക്കി വേണം പദ്ധതി നടപ്പാക്കേണ്ടത് . ഇവിടെ 85 ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 2,49,050/-രൂപയുടെ 25% ആയ 62,262/-രൂപ ഗുണഭോക്തൃവിഹിതത്തിൽ നിന്നുമാണ് ചെലവഴിക്കേണ്ടിയിരുന്നത്. അതിനു പകരം പൂർണ്ണമായും പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ഇത് സംബന്ധിച്ച് നല്കിയ ആഡിറ്റ് എൻക്വയറി നം 15/21-1-19 നുള്ള മറുപടിയിൽ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിട്ടുണ്ടെന്നും ആയതിൽ നിന്നും പ്ലാൻ ഫണ്ടിൽനിന്നും അധികം ചെലവഴിച്ച തുക തിരിച്ചടക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് . രസീത് ബുക്ക് 9358 ലെ 1 മുതൽ 85 വരെയുള്ള രസീത് പ്രകാരം ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. പ്ലാൻ ഫണ്ടിൽനിന്നും അധികം ചെലവഴിച്ച തുക തിരിച്ചടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം-15/21-1-1

## 3-9 ചെയ്യാത്ത പ്രവൃത്തികൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി 36,211/-രൂപ അധികം നൽകി.

പ്രോജക്ട് നം -145/17-18

പ്രോജക്ടിന്റെ പേര് -കാഞ്ഞിരംവിള തെറ്റിവിള റോഡ് മെയിന്റനൻസ്

കരാറുകാരൻ -ശ്രീ.ജയിൻരാജ്

വകയിരുത്തിയ തുക -7,50,000/-രൂപ (മെയിന്റനൻസ് ഫണ്ട് -റോഡ്)

ചെലവ് തുക- -7,22,775/-
